**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **02-02-2026 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന അനുവദിച്ച മുഴുവൻ പദ്ധതികളും, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ തരം തിരിച്ച് അറിയിക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെയും, അവയുടെ ഫണ്ടുകളുടെയും വിവരം, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം –1**

| ക്രമ. നം. | പദ്ധതി | ഫണ്ട് വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ | G.O(Ms)No.17/2022/F&WLD dated 13.04.2022 ഉത്തരവ് പ്രകാരം NABARD RIDF TRANCHE XXVII – ൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികളിലേക്ക് 816 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റേഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ 161.23 ലക്ഷം രൂപ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾക്ക് വിനിയോഗിച്ചിട്ടുള്ളതാണ്. | പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു . 2022-25 വർഷത്തിൽ 134.5Ha അക്കേഷ്യ തോട്ടങ്ങളിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ പൂർത്തികരിച്ചിട്ടുള്ളതും 2026-27 വർഷത്തിൽ 96.36Ha പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തികൾ നടത്തുന്നതിന് നടപടി ആയിട്ടുള്ളതുമാണ്. |
| 2 | തിരുവനന്തപുരം വനം ഡിവിഷൻ വിവിധസെറ്റിൽമെന്റ് അതിർത്തികളിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിലേക്ക് ആന കിടങ്ങ് നിർമ്മാണം | G.O(Ms)No.23/2023/F&WLD dated 05.10.2023 ഉത്തരവ് പ്രകാരം NABARD RIDF TRANCHE XXIX – ൽ ഉൾപ്പെടുത്തി തിരുവനന്തപുരം വനം ഡിവിഷൻ വിവിധ സെറ്റിൽമെന്റ് അതിർത്തികളിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിലേക്ക് 277 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റേഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ കുട്ടപ്പാറ സെറ്റിൽമെന്റ് അതിർത്തിയിൽ 1 km ആന കിടങ്ങ് നിർമ്മിച്ചിട്ടുള്ളതാണ്. 14.17 ലക്ഷം രൂപ ടി പ്രവർത്തിയിലേക്ക് വിനിയോഗിച്ചിട്ടുള്ളതാണ് | പരുത്തിപ്പള്ളി റേഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ കുട്ടപ്പാറ സെറ്റിൽമെന്റ് അതിർത്തിയിൽ 2024-25 വർഷത്തിൽ 1 km ആന കിടങ്ങ് നിർമ്മിച്ചിട്ടുള്ളതാണ്. |
| 3 | കല്ലാർ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മാണം | G.O(Ms)No.2/2021/F&WLD dated 03.02.2021 ഉത്തരവ് പ്രകാരം NABARD RIDF TRANCHE XXVI ൽ ഉൾപ്പെടുത്തി തിരുവനന്തപുരം വനം ഡിവിഷൻ കല്ലാർ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മാണത്തിന് 76.75 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 76.65 ലക്ഷം രൂപ വിനിയോഗിച്ചിട്ടുള്ളതാണ് | കല്ലാർ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നിർമ്മാണം 2023-24 വർഷത്തിൽ പൂർത്തികരിച്ചിട്ടുള്ളതാണ് |
| 4 | ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം | പരുത്തിപ്പള്ളി റേഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ ആറാനക്കുഴി സെറ്റിൽമെന്റ് ഏരിയയിൽ 1 km hanging fencing - ലേക്ക് 895000/- രൂപയുടെ എസ്ററിമേററ് 2406-01-800-56--MRMAC അനുവദിച്ചിട്ടുള്ളതും 651257/ രൂപ ടി പ്രവർത്തിക്കായി ചെലവഴിച്ചിട്ടുള്ളതുമാണ് | ഹാങ്ങിങ് ഫെൻസിങ് നിർമ്മാണം 2022-2023 വർഷത്തിൽ പൂർത്തികരിച്ചിട്ടുള്ളതാണ് |
| 5 | കുട്ടപ്പാറ സെക്ഷനിലെ ഗാർഡ് റൂമിന്റെ നിർമ്മാണം | കുട്ടപ്പാറ സെക്ഷനിലെ ഗാർഡ് റൂമിന്റെ നിർമ്മാണത്തിലേക്ക് 3.99 ലക്ഷം രൂപ EMF FUND -ൽ നിന്നും വിനിയോഗിച്ചിട്ടുള്ളതാണ് | 2023-24 വർഷത്തിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതാണ് |

| | | | |
|---|---|---|---|
| **6** | കല്ലാർ ഇക്കോട്ടൂറിസം സെന്ററിലേക്കുള്ള ഡാമേജ്ഡ് ചപ്പാത്ത് നിർമ്മാണം | കല്ലാർ ഇക്കോട്ടൂറിസം സെന്ററിലേക്കുള്ള ഡാമേജ്ഡ് ചപ്പാത്ത് നിർമ്മാണത്തിലേക്ക് **9.62** ലക്ഷം രൂപ **EMF FUND** –ൽ നിന്നും വിനിയോഗിച്ചിട്ടുള്ളതാണ് | **2022-23** വർഷത്തിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതാണ് |
| 7 | പേപ്പാറ വന്യജീവിസങ്കേതത്തിലെ ഡോർമെറ്ററി കെട്ടിടം റൂഫ് വർക്ക് | ടി പ്രവൃത്തിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 7.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2021-22 ൽ പദ്ധതി പൂർത്തീകരിച്ചു |
| 8 | കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ തോട്ടിൻപുറം ഏരിയായിൽ 1.22 കി.മീ. എലിഫന്റ് റൂഫ് ട്രഞ്ച് നിർമ്മിച്ചിട്ടുണ്ട്. | ടി പ്രവൃത്തിക്കായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 10.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2021-22 ൽ പദ്ധതി പൂർത്തീകരിച്ചു |
| 9 | കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ മാങ്കോട് ഇ.ഡി.സി.യുടെ കീഴിൽ 150 തേനീച്ച കൂടുകൾ അനുവദിച്ചു. | ടി പ്രവൃത്തിക്കായി 2.25 ലക്ഷം രൂപ ചെലവഴിച്ചു | 2021-22 ൽ പദ്ധതി പൂർത്തീകരിച്ചു |
| 10 | പേപ്പാറ വന്യജീവിസങ്കേതത്തിലെ പാണ്ടിപ്പത്ത് – 50 മീറ്റർ, നെയ്യാർ വന്യജീവിസങ്കേതത്തിലെ തീർത്ഥക്കര – 400 മീറ്റർ എന്നിവിടങ്ങളിലെ ആനക്കിടങ്ങ് നവീകരണം | ടി പ്രവൃത്തിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 1.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു. |
| 11 | നെയ്യാർ വന്യജീവിസങ്കേതത്തിലെ തീർത്ഥങ്കര ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നവീകരിച്ചിട്ടുണ്ട്. | ടി പ്രവൃത്തിക്കായി 6.07 ലക്ഷം രൂപ ചെലവഴിച്ചു | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 12 | പേപ്പാറ വന്യജീവിസങ്കേതത്തിലെ പാണ്ടിപ്പത്ത് ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നവീകരണം | ടി പ്രവൃത്തിക്കായി 8.26 ലക്ഷം രൂപ ചെലവഴിച്ചു | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 13 | പേപ്പാറ അസ്സി.വൈൽഡ് ലൈഫ് വാർഡന്റ് ക്വാർട്ടേഴ്സ് നവീകരണം | ടി പ്രവൃത്തിക്കായി 4.50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 4.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 14 | നെയ്യാർ, പേപ്പാറ വന്യജീവിസങ്കേതങ്ങളിൽ 4 ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചു | ടി പ്രവൃത്തിക്കായി 0.52 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 0.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 15 | നെയ്യാർ, വന്യജീവിസങ്കേതത്തിലെ അണകാൽ സെറ്റിൽമെന്റിൽ കുടിവെള്ള പദ്ധതി ഒരുക്കി 16 ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി | ടി പ്രവൃത്തിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 7.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 16 | നെയ്യാർ, വന്യജീവിസങ്കേതത്തിലെ തീർത്ഥക്കര ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നിർമ്മാണം | ടി പ്രവൃത്തിക്കായി 6.07 ലക്ഷം രൂപ ചെലവഴിച്ചു | 2022-23 ൽ പദ്ധതി പൂർത്തീകരിച്ചു |
| 17 | പേപ്പാറ വന്യജീവിസങ്കേതത്തിലെ ജീവനക്കാർക്കും, ദിവസക്കൂലി വാച്ചർമാർക്കും മഴക്കോട്ട്, സ്ലീപ്പിംഗ് ബാഗ് എന്നിവ വിതരണം ചെയ്ത പദ്ധതി | ടി പ്രവൃത്തിക്കായി 1 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 0.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2023-24 ൽ പദ്ധതി പൂർത്തീകരിച്ചു |
| 18 | പേപ്പാറ വന്യജീവിസങ്കേതത്തിൽ ഇക്കോട്ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സന്ദർശകരെ | ടി പ്രവൃത്തിക്കായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 4.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2023-24 ൽ പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | ആകർഷിക്കുന്നതിന് ക്രീപ്പർ ഫെൻസിംഗ് സിമന്റ് ആർച്ച് നിർമ്മാണം | | |
| 19 | പേപ്പാറ വന്യജീവിസങ്കേതത്തിൽ ഇക്കോട്ടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാഴ്വാന്തോൾ പ്രവേശന കവാടത്തിലേക്ക് Artistic Arch സ്ഥാപിച്ചത് | ടി പ്രവൃത്തിക്കായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2023-24 -ൽ പദ്ധതി പൂർത്തീകരിച്ചു |
| 20 | കോട്ടൂർ ആന പുനരധിവാസ കേന്ദ്രം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കി | ടി പ്രവൃത്തിക്കായി 82.38 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 82.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2024-25 ൽ പദ്ധതി പൂർത്തീകരിച്ചു. |
| 21 | പേപ്പാറ - പൊടിയം റോഡ് നവീകരണം | ടി പ്രവൃത്തിക്കായി 8 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 7.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ് | 2025-26 ൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| 22 | കാപ്പുക്കാട് മീൻമുട്ടി റോഡ് നവീകരണം | ടി പ്രവൃത്തിക്കായി 3.97 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 23 | ട്രഞ്ച് - അരിയ്യാവിള-കണിയാരൻപാറ | ടി പ്രവൃത്തിക്കായി 6.51 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 24 | ട്രഞ്ച് - വലിയകുന്നടി സെറ്റിൽ മെൻറ് | ടി പ്രവൃത്തിക്കായി 6.51 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 25 | ട്രഞ്ച് - കണിയാരൻപാറ - ചോനാംപാറ | ടി പ്രവൃത്തിക്കായി 6.51 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു.. |
| **26** | ട്രഞ്ച് - തേക്കിൻകോൺ സ്പെഷ്യൽ ഡ്യൂട്ടി സെക്ഷൻ | ടി പ്രവൃത്തിക്കായി 6.51 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| **27** | നെയ്യാർ വന്യജീവിസങ്കേതത്തിലെ മീൻ മുട്ടി ക്യാമ്പ് ഷെഡിന്റെ നവീകരണം | ടി പ്രവൃത്തിക്കായി 2.33 ലക്ഷം രൂപ അനുവദിക്കുകയും 1.98 ലക്ഷം രൂപ ചെലവഴിച്ചു | 2025-26 ൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| **28** | കോട്ടൂർ എ.ബി.പി. റെയിഞ്ചിലെ പാങ്കാവ് പഴവൂണ്ണിയാറ്റിൻപുറം ഭാഗത്ത് സോളാർ ഫെൻസിംഗ് നിർമ്മിച്ചത്. | ടി പ്രവൃത്തിക്കായി 6.65 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| **29** | പേപ്പാറ വന്യജീവി സങ്കേതത്തിലെ ഇൻ സ്പെക്ഷന്റെ ബംഗ്ലാവിന്റെ നവീകരണം. | ടി പ്രവൃത്തിക്കായി 7.64 ലക്ഷം രൂപ അനുവദിച്ചു | 2025-26 സാമ്പത്തിക വർഷം പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| **30** | പേപ്പാറ വന്യജീവി സങ്കേതത്തിലെ അതിരുമല സെക്ഷനിൽ പേപ്പാറ മുതൽ കളർകോട് വരെയുള്ള റോഡ് നിർമ്മാണം. | ടി പ്രവൃത്തിക്കായി 9.80 ലക്ഷം രൂപ അനുവദിച്ചു | ടെൻഡർ നടപടികൾ നടന്നുവരുന്നു |
| **31** | സാമൂഹ്യ വന വത്കരണ വിഭാഗം ഹരിതകേരള പദ്ധതിയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് ഈ കാലയളവിൽ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വരുത്തുന്നതിന്റെ ഭാഗമായി ടി മണ്ഡലത്തിലെ 13 സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ തെരഞ്ഞെടുത്ത കാവുകളായ വഴതനമുകൾ പഴവീട്ടുവിള ശ്രീ ചാമുണ്ഡി ദേവി ക്ഷേത്രം, പൂവച്ചൽ കാട്ടാക്കട, ഉരുതീർത്ഥം, പാലോട്, പച്ച, ഉടൻപാറ ശ്രീ ഭദ്രകാളി തമ്പുരാൻ ട്രസ്റ്റ്, കോട്ടൂർ എന്നിവയ്ക്ക് അവയുടെ സംരക്ഷണാർത്ഥം 80,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. | | |